**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
**മുഖ്യപരിസ്ഥിതി എഞ്ചിനീയറുടെ നടപടിക്രമം**
***(ഹാജർ: ശ്രീമതി. സിന്ധു രാധാകൃഷ്ണൻ)***

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, മേഖലാ ഓഫീസ്, തിരുവനന്തപുരം - ജീവനക്കാര്യം - ബഹു: ദേശീയ ഹരിത ട്രിബ്യൂണൽ O.A No.606/2018 പ്രകാരം മോഡൽ സിറ്റി പ്രോജക്ടിനുവേണ്ടി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ കരാർ കാലാവധി 6 മാസത്തേക്ക് കൂടി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**
**മേഖലാ ഓഫീസ്, തിരുവനന്തപുരം**

നമ്പർ. പിസിബി/ആർഒ/ജിഇഎൻ/ഡിഒ-കെഎൽഎം/28/2019 തിരുവനന്തപുരം, തീയതി: 11/02/2020.

---

പരാമർശം: 1) ബഹു: ദേശീയ ഹരിത ട്രിബ്യൂണൽ ഓർഡർ O.A No.606/2018 തീയതി:25/04/2019.
2) ജി.ഒ. (ആർ.റ്റി) നമ്പർ 45/2019/ഇഎൻവിറ്റി തീയതി 31/05/2019.
3) 30/12/2019 -ലെ പിസിബി/എച്ച്ഒ/എൻജിറ്റി/മോഡൽ സിറ്ററി/2019 (Vol II) നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

ബഹു: ദേശീയ ഹരിത ട്രിബ്യൂണലിന്റെ സൂചന (1) പ്രകാരം മോഡൽ സിറ്റി/ടൗൺ/വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി സിറ്റി/ടൗൺ/വില്ലേജ് എന്നിവ തെരഞ്ഞെടുത്ത് മോഡൽ സിറ്റി/ടൗൺ/ വില്ലേജ് എന്നീ പരിസ്ഥിതി നിയമങ്ങൾ പാലിച്ച് ആയത് നടപ്പിലാക്കുന്നതിന്റെ ചുമതല സർക്കാർ ബോർഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. മോഡൽ സിറ്റി/ടൗൺ/ പഞ്ചായത്ത് എന്നിവയുടെ ഇൻവെന്ററൈസേഷൻ/വാർഷിക റിപ്പോർട്ട് സമർപ്പിക്കൽ/പ്രോഗ്രസ് റിപ്പോർട്ട്/ ഇൻസ്പെക്ഷൻ/ മോണിറ്ററിംഗ് തുടങ്ങിയവയ്ക്ക് വേണ്ടി ബി.ടെക് ഡിഗ്രി സിവിൽ/കെമിക്കൽ യോഗ്യതയുള്ളവരെ ടെക്നിക്കൽ അസിസ്റ്റന്റ്മാരായി 6 മാസത്തേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി.

കൊല്ലം ജില്ലാ ഓഫീസിൽ 13/08/2019 മുതൽ ടെക്നിക്കൽ അസിസ്റ്റന്റായി നിയമനം ലഭിച്ച ശ്രീ. കൃഷ്ണാനന്ദ് എസ്. ന്റെ 6 മാസത്തെ കരാർ കാലാവധി 12/02/2020 -ൽ അവസാനിക്കുന്നു. സൂചന (3) പ്രകാരം ശേഷിക്കുന്ന തദ്ദേശ സ്ഥാപനങ്ങൾ ഒരു വർഷത്തിനുള്ളിൽ എല്ലാ പാരിസ്ഥിതിക ചട്ടങ്ങളും പാലിക്കേണ്ടതുമായിട്ടുള്ള സാഹചര്യത്തിൽ കൊല്ലം ജില്ലാ ഓഫീസിൽ നിലവിലുള്ള ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ. കൃഷ്ണാനന്ദ് എസ്. ന്റെ കരാർ കാലാവധി 13/02/2020 മുതൽ 6 മാസത്തേക്ക് കൂടി നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാളുടെ കൈയ്യിൽ നിന്നും പ്രസ്തുത കാലയളവിലേയ്ക്ക് ബോണ്ട് വാങ്ങി സമർപ്പിക്കേണ്ടതാണ്.

**ചീഫ് എൻവയോൺമെന്റൽ എഞ്ചിനീയർ**

ബന്ധപ്പെട്ട വ്യക്തിക്ക്
എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ ഓഫീസ്, കൊല്ലം
ഐ റ്റി സെൽ
അക്കൗണ്ട്സ് ഓഫീസർ
ചെയർമാൻ/മെമ്പർ സെക്രട്ടറി എന്നിവരുടെ സി എ മാർക്ക്
ഓഫീസ് കോപ്പി/കരുതൽ ഫയൽ.

KERALA STATE POLLUTION CONTROL BOARD
REGIONAL OFFICE
THIRUVANANTHAPURAM